بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**16-1-2026**

# നബിതിരുമേനി(സ)യുടെ ദൈവാനുരാഗം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ തിരുമനസ്സ്(അയ്യദഹുല്ലാഹ്..) അരുളി:

കഴിഞ്ഞ ഒരു ഖുതുബയിൽ നബി(സ)തിരുമേനിയുടെ ജീവിതവുമായി ബന്ധപ്പെട്ട് ദൈവസ്നേഹത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. അതിനെസ്സംബന്ധിച്ച് ചില കാര്യങ്ങൾ കൂടി ഇന്ന് ഞാൻ വിവരിക്കാം.

യൗവനകാലത്തും പ്രവാചകത്വലബ്ധിക്ക് മുൻപും ദൈവാനുരാഗത്തിൽ അനുരക്തനായ നബിതിരുമേനി(സ) ഉത്കടമായ പ്രേമാവേശത്താൽ ഹിറാ ഗുഹയിൽ പോയി തനിക്കേറ്റവും പ്രിയപ്പെട്ട ദൈസ്മരണയിൽ കഴിച്ചുകൂട്ടുമായിരുന്നു. ഈ സ്നേഹത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുന്നു:

ദൈവസ്നേഹവും ദൈവത്തോട് ആകർഷണവും സംജാതമാകുന്നതോടെ ലോകത്തോടും ലൗകികരോടും ഒരുതരം വെറുപ്പും അനിഷ്ടവും ഉളവാകുമെന്നത് ഒരു വസ്തുതയാണ്. ഏകാന്തതയും ലൗകികവിരക്തിയും സ്വാഭാവികമായും പ്രിയങ്കരമായിത്തീരും.നബി(സ)യുടെ അവസ്ഥയും ഇതായിരുന്നു. ദൈവസ്നേഹത്തിൽ നിമഗ്നനായിരുന്ന അവിടുന്ന് ഏകാന്തതയിലാണ് എല്ലാ ആനന്ദവും അനുഭൂതിയും കണ്ടെത്തിയിരുന്നത്. യാതൊരു സുഖസൗകര്യങ്ങളും ഇല്ലാത്ത, പോകാൻ പോലും ഭയം തോന്നുന്ന ഒരു സ്ഥലത്ത് അവിടുന്ന് എത്രയോ രാത്രികൾ തനിച്ച് ചെലവഴിച്ചു. അവിടുന്ന് എത്രത്തോളം ധീരനും നിർഭയനുമായിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ദൈവികബന്ധം ശക്തമാകുമ്പോൾ ധൈര്യവും കൈവരും. അതുകൊണ്ട് ഒരു വിശ്വാസി ഒരിക്കലും ഭീരുവാകില്ല. ലൗകികരാണ് ഭീരുക്കൾ. യഥാർത്ഥ ധീരത അവരിൽ ഉണ്ടാകില്ല.

ഹിറാ ഗുഹയിലെ ആരാധനയെക്കുറിച്ച് വിവരിക്കവേ, ഹദ്റത്ത് ആയിശ(റ) വിശദമായി റിപ്പോർട്ട് ചെയ്ത ഒരു ഹദീസും ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) വിവരിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: അല്ലാഹു തന്റെ അനുഗ്രഹങ്ങളെ പരിശ്രമത്തിലും പ്രയത്നത്തിലും അധിഷ്ഠിതമാക്കിയിരിക്കുന്നു. ഇതിൽ സ്വഹാബികളുടെ പ്രവർത്തനരീതി നമുക്ക് ഉത്തമ മാതൃകയാണ്. സ്വഹാബികളുടെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചുനോക്കൂ! കേവലം നമസ്കാരങ്ങൾമുഖേന മാത്രമാണോ അവർ ആ പദവികൾ കരസ്ഥമാക്കിയത്? അല്ല, മറിച്ച് ദൈവപ്രീതിക്കായി അവർ സ്വന്തം ജീവൻ പോലും പണയം വെക്കുകയും ആടുമാടുകളെപ്പോലെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ബലിയർപ്പിക്കപ്പെടുകയും ചെയ്തു;

അതിൽപ്പിന്നെയാണ് അവർക്ക് ആ ഉന്നത പദവികൾ ലഭ്യമായത്.
അവിടുന്ന് വീണ്ടും അരുളുന്നു:
ഒരുപാട് ആളുകളെ നാം കണ്ടിട്ടുണ്ട്. പദവികൾ ഒരുനിമിഷം കൊണ്ട് ലഭിക്കണമെന്നും അർശോളം എത്തണമെന്നും ആഗ്രഹിക്കുന്നവരാണ് മിക്കവരും.
അവിടുന്ന് പറയുന്നു:
നമ്മുടെ നബി(സ)യേക്കാൾ ശ്രേഷ്ഠനായി മറ്റൊരാളും ഇല്ല. അവിടുന്ന് മാനവരിൽ മഹോന്നതനും പ്രവാചകന്മാരിൽ ശ്രേഷ്ഠനുമായിരുന്നു. അവിടുന്ന് പോലും ഒരുനിമിഷംകൊണ്ടല്ല ഈ പദവികൾ സ്വായത്തമാക്കിയതെന്നിരിക്കെ പിന്നെ മറ്റാർക്കാണ് അതിന് കഴിയുക? അവിടുന്ന് ഹിറാ ഗുഹയിൽ എത്രത്തോളം ആത്മീയ യത്നങ്ങൾ നടത്തിയിട്ടുണ്ടാകും! എത്രപ്രാവശ്യം കരഞ്ഞു വിലപിച്ചുപ്രാർത്ഥിച്ചിരിക്കുമെന്ന് ദൈവത്തിനേ അറിയൂ. ആത്മശുദ്ധീകരണത്തിനായി ഏതൊക്കെ പരിശ്രമങ്ങളും കഠിനാധ്വാനവും നടത്തിയിട്ടുണ്ടാകുമെന്ന് ആലോചിച്ചു നോക്കൂ! അതിനുശേഷമാണ് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ വർഷിച്ചത്.
ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്...) അരുളി: ദൈവസ്നേഹത്തിൽ മുഴുകിയ നബിതിരുമേനി(സ)യുടെ നമസ്കാരത്തിന്റെ അവസ്ഥ മുത്വരിഫ് തന്റെ പിതാവിൽ നിന്ന് ചെയ്ത നിവേദനത്തിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ)യുടെ അടുക്കൽ ചെല്ലുമ്പോൾ അവിടുന്ന് നമസ്കരിക്കുകയായിരുന്നു. അവിടുത്തെ നെഞ്ചകങ്ങളിൽ നിന്ന് തിളയ്ക്കുന്നകലത്തിൽനിന്നെന്നപോലെ ശബ്ദം കേൾക്കാമായിരുന്നു. തീവ്രനൊമ്പരത്തോടെ നബിതിരുമേനി വിതുമ്പി വിലപിക്കുമ്പോൾ കലത്തിൽജലം തിളയ്ക്കുന്നതുപോലെ അനുഭവപ്പെട്ടു. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നത് പ്രകാരം അവിടുന്ന് ദീർഘനേരം ആരാധനയിൽ കഴിച്ചുകൂട്ടുമായിരുന്നു. അധികനേരം നിന്ന് ആരാധനയനുഷ്ഠിച്ചിരുന്നതിനാൽ അവിടുത്തെ പാദങ്ങൾ വീങ്ങി വീർത്തുപോകുമായിരുന്നു.
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നബി(സ)യുടെ ദൈവാനുരക്തിയെയും ആരാധനയെയും കുറിച്ച് പരാമർശിച്ചു കൊണ്ട് ഒരിടത്ത് എഴുതുന്നു: ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു; നബി(സ) മരണാസന്നനായിരുന്ന നേരം അത്യധികമായ തളർച്ച കാരണം നമസ്കരിപ്പിക്കാൻ അവിടുത്തേക്ക് സാധിച്ചിരുന്നില്ല.അതിനാൽ ഹദ്റത്ത് അബൂബക്കർ (റ)നോട് നമസ്കാരത്തിന് നേതൃത്വം നല്കാൻ അവിടുന്ന് കല്പന നല്കി. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഈ കല്പന നൽകിയ ശേഷം അല്പം രോഗഭേദം അനുഭവപ്പെട്ട അവിടുന്ന് രണ്ടുപേരുടെ സഹായത്തോടെ നമസ്കാരത്തിനായി വന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു, ആ രംഗം ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്; കടുത്ത വേദന കാരണം അവിടുത്തെ പാദങ്ങൾ മണ്ണിൽ ഉരസുന്നുണ്ടായിരുന്നു.
എത്ര കടുത്ത രോഗാവസ്ഥയിലും നബി(സ) തിരുമേനി അല്ലാഹുവിനെ മറന്നിരുന്നില്ല എന്നാണ് ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നത്. അല്പം പ്രയാസം വന്നാൽ തന്നെ ആളുകൾ ആരാധനകളെല്ലാം പൊതുവെ വിസ്മരിക്കുന്നതായി കാണാം. ഇത് ബാഹ്യദൃഷ്ട്യാ ഒരു നിസ്സാരസംഭവമായി തോന്നാമെങ്കിലും അവിടുന്ന് അനുഭവിച്ചിരുന്ന അവസ്ഥയും രണ്ടുപേരുടെ ചുമലിൽ കൈവെച്ച് നമസ്കാരത്തിനായി വരാൻ പ്രേരിതനാകുന്ന തരത്തിൽ ദൈവസ്മരണയോടുള്ള ഉത്കടമായ ആഗ്രഹവും നോക്കുമ്പോൾ ഇത് ഒരു നിസ്സാര സംഭവമല്ലെന്നും അവിടുത്തെ ഹൃദയത്തിലെ ദൈവസ്മരണയോടുള്ള ആദമ്യമായ ആവേശത്തിന്റെ പ്രതിഫലനമാണ് അതെന്നും മനസ്സിലാക്കാം.
ദൈവസ്മരണയായിരുന്നു അവിടുത്തെ ആത്മീയാഹാരമെന്ന് ഏത് ഉൾക്കാഴ്ചയുള്ളവനും ഗ്രഹിക്കാൻ കഴിയും. അതില്ലാതെ അവിടുത്തെ ജീവിതം നിരാനന്ദകരമായിരുന്നു. ഇതിലേക്ക് സൂചന നല്കിക്കൊണ്ടാണ് അവിടുന്ന് *ഖുറത്തു ഐനീ ഫിസ്സലാത്ത്* എന്ന് അരുളിയത്. അതായത് നമസ്കാരം എന്റെ കണ്ണുകൾക്ക് കുളിർമയേകുന്നു.
ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) അരുളി: സത്കർമങ്ങൾ എന്താണ്? ദൈവപ്രീതി ലഭിച്ചുവെന്ന് എങ്ങനെ മനസ്സി

ലാക്കാം? എന്നൊക്കെ യുവാക്കളും കുട്ടികളും ഇക്കാലത്ത് ചോദിക്കാറുണ്ട്. സത്കർമങ്ങൾ അല്ലാഹുവിന്റെ പ്രീതിക്കായി മാത്രം അനുഷ്ഠിക്കുമ്പോഴാണ് അല്ലാഹു സംപ്രീതനാകുന്നത്. ഇതിനായി മറ്റൊരാളെ ജഡ്ജിയാക്കേണ്ടതില്ല, മനുഷ്യന് സ്വന്തം നിലയിൽ തന്നെ ആത്മപരിശോധന നടത്താം. താൻ ചെയ്യുന്ന നന്മകൾ അല്ലാഹുവിന് വേണ്ടിയാണെങ്കിൽ തീർച്ചയായും അവന് അത് ഇഷ്ടപ്പെടുമെന്ന് മനുഷ്യന് സ്വയം മനസ്സിലാക്കാവുന്നതാണ്.

അവിടുന്ന് അനുഷ്ഠിച്ചിരുന്ന ആരാധനകൾക്ക് ഒരുതരം ഒഴുക്ക് ഉണ്ടായിരുന്നു.നബിതിരുമേനിയുടെ അനുരാഗവായ്പ് കൂടുതൽ പ്രൗഢ ഭാവംവലംബിക്കുമ്പോൾ അവിടുന്ന് തന്റെ നാഥനെ ആരാധിക്കുന്നതിൽ വ്യാപൃതനായി. ദൈവവുമായുള്ള ആ രഹസ്യഭാഷണങ്ങൾ ദീർഘിച്ചിരുന്നതിനാൽ നിരന്തരമായ ആരാധന കാരണം അവിടുത്തെ പാദങ്ങൾ പലപ്പോഴും നീരുവന്ന് വീർക്കുമായിരുന്നു. സ്വഹാബികൾ ചോദിക്കുമായിരുന്നു: അല്ലാഹുവിന്റെ ദൂതരേ, ഇത്രയധികം ആരാധന അനുഷ്ഠിക്കേണ്ട ആവശ്യം അങ്ങയ്ക്കുണ്ടോ? അങ്ങയുടെ പാപങ്ങൾ പൊറുക്കപ്പെട്ടതാണല്ലോ. അവിടുന്ന് മറുപടി നൽകി: ഞാൻ നന്ദിയുള്ള ഒരു ദാസനായിരിക്കേണ്ടതല്ലേ?

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) അരുളി: അല്ലാഹ്! അല്ലാഹ്! എന്തൊരു ഇശ്ഖാണ്! എന്തൊരു സ്നേഹം! എന്തൊരു അനുരാഗം! ദൈവസ്മരണയിൽ നിൽക്കുമ്പോൾ സ്വന്തം ശരീരത്തെക്കുറിച്ച് പോലും അവിടുന്ന് ഓർത്തിരുന്നില്ല. അതേസമയം മറ്റുള്ളവരെ അസ്വസ്ഥരാക്കുന്നതും കാണുന്നവരെ സ്വാധീനിക്കുന്നതുമായ പ്രയാസങ്ങളെ അവിടുന്ന് ഒട്ടും കാര്യമാക്കിയിരുന്നില്ല. ആത്മാർത്ഥതയുടെയും നന്ദിപ്രകടനത്തിന്റെയും എത്ര ഉദാത്തമായ മറുപടിയാണത്! നബിതിരുമേനി(സ)യുടെ പരിശുദ്ധ ഹൃദയവികാരങ്ങൾഎത്ര മനോഹരമായി അത് തുറന്നുകാട്ടുന്നു!

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: നബിതിരുമേനി(സ) തന്റെ ജോലികളിൽ എങ്ങനെയാണ് വ്യാപൃതനായിരുന്നതെന്ന് നോക്കൂ; ആരാധനകൾ അനുഷ്ഠിച്ചാൽ ബാക്കി ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതില്ല എന്ന് അവിടുന്ന് കരുതിയിരുന്നില്ല. പകൽ മുഴുവൻ ദൈവനാമം പ്രചരിപ്പിക്കുന്നതിലും ദൈവത്തോടുള്ള അനുസരണം നടപ്പിലാക്കാനുള്ള പരിശ്രമങ്ങളിലും അവിടുന്ന് മുഴുകുമായിരുന്നു.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) അരുളി: അതുകൊണ്ട്, അവിടുത്തെ ഉത്തമമാതൃക പിന്തുടർന്ന് നമസ്കാരങ്ങളിലും ആരാധനകളിലും ഇത്തരമൊരു നിലവാരം കൈവരിക്കാൻ നാം പരിശ്രമിക്കണം. എങ്കിൽ മാത്രമേ നമുക്ക് യഥാർത്ഥ മുസ്‌ലീങ്ങൾ എന്ന് വിളിക്കപ്പെടാൻ കഴിയൂ.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..) പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് (റ) ന് എഴുതിയ ഒരു കത്തിൽ ഇപ്രകാരം അരുളി: കർമ ജീവിതത്തിൽ അവലംബിക്കേണ്ട കാര്യത്തെക്കുറിച്ച് താങ്കൾ ചോദിച്ചിരുന്നല്ലോ. അത് നബിതിരുമേനി(സ)യെ യഥാർത്ഥമായി പിൻ പറ്റുന്നതിൽ താത്പര്യം കാണിക്കുക എന്നതാണ്. നബിതിരുമേനി(സ) അങ്ങേയറ്റം സ്നേഹിച്ചിരുന്ന കർമങ്ങൾ രണ്ടാണ്: ഒന്ന്,നമസ്കാരം, രണ്ട് ജിഹാദ്. നമസ്കാരത്തെക്കുറിച്ച് *ഖുറത്തു ഐനീ ഫിസ്സലാത്ത്* എന്ന് അവിടുന്ന് അരുളി. അതായത് നമസ്കാരം എന്റെ കണ്ണിന്റെ കുളിർമ്മയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: അതുകൊണ്ട്, ഈ കാലഘട്ടത്തിൽ ജിഹാദ് ആത്മീയമായ രൂപം പ്രാപിച്ചിരിക്കുകയാണ്. ഈ രൂപത്തിലുള്ള ജിഹാദ് എന്നാൽ ഇസ്‌ലാമിന്റെ സന്ദേശംഉയർത്തിപ്പിടിക്കാനുള്ള പരിശ്രമമാണ്. അല്ലാഹു ലോകത്ത് മറ്റൊരു സാഹചര്യം വെളിപ്പെടുത്തുന്നത് വരെ ഇതാണ് യഥാർത്ഥ ജിഹാദ്.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്..)അരുളി: നാം ഈ ജിഹാദിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ദൈവസ്നേഹത്തിലേക്കും പ്രാർത്ഥനകളിലേക്കും നമ്മുടെ ആരാധനകളിലേക്കും നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. നബി(സ)യുടെ മാതൃക പിന്തുടർന്ന് നാം ഇത് പ്രവർത്തിക്കുകയാണെങ്കിൽ മാത്രമേ നമ്മുടെ

കർമങ്ങളിൽ അനുഗ്രഹം ഉണ്ടാവുകയുള്ളൂ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ. അവസാനമായി ഹുസൂർ തിരുമനസ്സ് (അയ്യദ ഹുല്ലാഹ്) പറഞ്ഞു: ഇന്ന് ബംഗ്ലാദേശ് ജമാ അത്തിന്റെ ജൽസ നടക്കുകയാണ്. അവിടെ കടുത്ത എതിർപ്പുകൾ നടക്കുന്നുണ്ട്. അവർക്ക് വേണ്ടിപ്രാർത്ഥിക്കുക; അല്ലാഹുഅവരെയെല്ലാം തന്റെ സംരക്ഷണയിൽ വയ്ക്കുമാറാകട്ടെ, അവരുടെ ജൽസ നല്ലനിലയിൽ സമാപിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 16.1.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY ARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516